പതിച്ചുകൊടുത്ത ഭൂമി.

* 447. [22] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1960 ജനുവരിക്കുശേഷം 1963 ഡിസംബർ 31 നോടുകൂടി കോഴിക്കോടു ജില്ലയിൽ എത്ര ഏക്കർ സർക്കാർവക ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടു്;

(ബി) കൊയിലാണ്ടി താലൂക്കിലെ കുത്താളി എസ്റ്റേറ്റിലുള്ള വള്ളിപ്പുറം എന്ന സ്ഥലത്തുള്ള കൃഷിഭൂമി കൈവശക്കാർക്കു് പതിച്ചുകൊടുക്കാൻ സർക്കാർ ഉത്തരവിട്ടതു് എന്നായിരുന്നു;

(സി) ഇതേവരെ എത്രപേർക്കു് പട്ടയം കൊടുത്തു;

(ഡി) ഭൂമി മുഴുവൻ പതിച്ചുകൊടുത്തിട്ടില്ലെങ്കിൽ അതിനെന്താണു് കാരണം ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 4774 ഏക്കർ, 90 സെന്റു്.

(ബി) 22–9–1960.

(സി) 52 പേർക്കു് താല്ക്കാലിക പട്ടയം കൊടുത്തു.

(ഡി) പതിച്ചുകൊടുക്കുവാൻ അനുവദിച്ച ഭൂമി മുഴുവൻ സർവ്വെ ചെയ്തിട്ടില്ലാത്തതിനാലും അഗ്രിക്കൾച്ചറൽ റിസർച്ചു് ഫാമിനും, കുറ്റ്യാടി പ്രോജക്ടു് റിസർവോയറിനും കാർട്ടേഴ്സിനും എടുത്ത സ്ഥലങ്ങളിൽ താമസിച്ചിരുന്ന കൃഷിക്കാരെ മറ്റു സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കേണ്ടതിനാലും, ആ സ്ഥലത്തെ വൃക്ഷങ്ങളുടെ കണക്കുകൾ പൂർത്തിയായിട്ടില്ലാത്തതിനാലും, ലാൻഡ് അസൈൻമെന്റു് വകുപ്പിനു് പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ലാത്തതുകൊണ്ടും ഭൂമി പതിച്ചുകൊടുക്കുന്നതിനു് കുറെ കാലതാമസം നേരിട്ടു. ഈ ജോലി ത്വരിതപ്പെടുത്തുവാൻ ശ്രമിക്കുന്നതാണു്.

പതിച്ചുകൊടുത്ത പുറമ്പോക്കുഭൂമി.

* 448. [26] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിസ്റ്റുപാർട്ടി ഗവണ്മെന്റിന്റെ കാലത്തു് ഈ സംസ്ഥാനത്തു് ആകെ പതിച്ചുകൊടുത്ത പുറമ്പോക്കു് ഭൂമിയെത്ര;

(ബി) ഇതിൽ ഹരിജനങ്ങൾക്കു് കൊടുത്തതെത്ര;

(സി) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം ആകെ പതിച്ചുകൊടുത്ത പുറമ്പോക്കു ഭൂമിയെത്ര;

(ഡി) ഇതിൽ ഹരിജനങ്ങൾക്കു് കൊടുത്തതെത്ര;

(ഈ) ഓരോ ജില്ലയിലേയും പേർതിരിച്ചുള്ള കണക്കുകൾ പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

			ഏക്കർ	സെന്റ്
(എ)	തിരുവനന്തപുരം		661	18
	കൊല്ലം		1458	24
	കോട്ടയം		174	74
	ആലപ്പുഴ		83	34
	എറണാകുളം		503	17
	തൃശ്ശൂർ		205	36
	പാലക്കാട്		15	87
	കോഴിക്കോട്		3349	71
	കണ്ണൂർ		615	00
		ആകെ	7066	61
(ബി)	തിരുവനന്തപുരം		164	4
	കൊല്ലം		200	55
	കോട്ടയം		17	80
	ആലപ്പുഴ		27	69
	എറണാകുളം		76	41
	തൃശ്ശൂർ		75	62
	പാലക്കാട്		10	36
	കോഴിക്കോട്		347	45
	കണ്ണൂർ		246	98
		ആകെ	1166	90
(സി)	തിരുവനന്തപുരം		3310	89
	കൊല്ലം		8107	37
	കോട്ടയം		11494	10
	ആലപ്പുഴ		241	74
	എറണാകുളം		4162	60
	തൃശ്ശൂർ		730	15
	പാലക്കാട്		238	55
	കോഴിക്കോട്		1697	44
	കണ്ണൂർ		8310	83
		ആകെ	38293	67
(ഡി)	തിരുവനന്തപുരം		564	02
	കൊല്ലം		912	87
	കോട്ടയം		854	76
	ആലപ്പുഴ		93	79
	എറണാകുളം		481	30
	തൃശ്ശൂർ		74	41
	പാലക്കാട്		74	81
	കോഴിക്കോട്		192	13
	കണ്ണൂർ		646	08
		ആകെ	3894	17

(ഈ) മുകളിൽ കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : നാലാമത്തെ ചോദ്യത്തിൽ 'ബി'യിൽ പറയുന്ന നെടുമല, നെല്ലാപ്പാറ, ഇല്ലിചാരി തുടങ്ങിയ സ്ഥലങ്ങളും റബ്ബർ കൃഷിക്കുവേണ്ടി വെട്ടിത്തെളിക്കുകയുണ്ടായി. എന്നാൽ അതു് റബ്ബർ പ്ലാന്റേഷനു് യോജിക്കാത്ത ഉപയോഗശൂന്യമായ ഭൂമിയാണെന്നുള്ള നിലയിൽ, ആ ഭൂമി പ്രോജക്റ്റു് ഏരിയായിൽനിന്നും ഇറക്കിവിടപ്പെട്ടവർക്കു് പതിച്ചുകൊടുക്കാൻ ഉത്തരവു കൊടുത്തിരിക്കുകയാണെന്നു് പറഞ്ഞു. എന്നാൽ ആ ഭൂമി ഉപയോഗശൂന്യമായതാണെന്നുള്ളതു് കണക്കിലെടുത്തു് അതു് സാധുക്കളായ ആളുകൾക്കു് പതിച്ചുകൊടുക്കുന്നതിനെപ്പറ്റി പരിശോധിക്കുമോ ?

ശ്രീ. ആർ. ശങ്കർ: ആ ഭൂമി ഉപയോഗശൂന്യമാണെന്നു് പറയുന്നതു് ശരിയല്ല. അവിടെ റബ്ബർ പ്ലാന്റേഷനുവേണ്ടി കാടു് വെട്ടിത്തെളിക്കുകയുണ്ടായി. റബ്ബർ കൃഷിക്കു് അനുയോജ്യമായ ഭൂമിയല്ലെങ്കിലും മറ്റു കൃഷികൾക്കു അനുയോജ്യമായിരിക്കും. ഒന്നും ഉണ്ടാകാത്ത ഭൂമിയാണെങ്കിൽ അവിടെ കാടുണ്ടാകുകയില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസു്: ഇപ്പോഴും വനത്തിൽനിന്നും ഇറക്കിവിട്ടവർക്കു് പതിച്ചുകൊടുത്ത ഭൂമികളും കൈവശം വെച്ചുകൊണ്ടിരിക്കുന്നവരിൽനിന്നും വലിയ തോതിലുള്ള റവന്യൂ നികുതി ഈടാക്കുന്നുണ്ടു്. അതിനെ സംബന്ധിച്ചു് ഗവണ്മെന്റിൽനിന്നും സൂക്ഷ്മമായി ഒരു പരിശോധന നടത്തി അതിലെന്തെങ്കിലും അയവു വരുത്തുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ: നിലവിലുള്ള രൂപം അനുസരിച്ചുള്ള റവന്യൂ നികുതിയേ ഇപ്പോഴും ഈടാക്കിവരുന്നുള്ളൂ.

ശ്രീ. എൻ. ഇ. ബലറാം : കണ്ണൂർ ജില്ലയിലുള്ള കാസർകോടു് താലൂക്കിൽ എത്ര ഏക്കർ ഭൂമി പുറമ്പോക്കായി കിടക്കുന്നുണ്ടെന്നും, ആ ഭൂമി പതിച്ചുകൊടുക്കുന്ന കാര്യത്തിൽ യാതൊരു തീരുമാനവും എടുക്കാതിരിക്കാനുള്ള കാരണമെന്താണെന്നും, അതു് പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നില്ലേ, എന്നതുള്ള കാര്യങ്ങളെപ്പറ്റി ഗവണ്മെന്റിന്റെ അഭിപ്രായം എന്താണു് ?

ശ്രീ. ആർ. ശങ്കർ: അവിടെയുള്ള പുറംപോക്കു് ഭൂമിയെപ്പറ്റി പ്രത്യേകം അറിയണമെങ്കിൽ പ്രത്യേകം ചോദ്യം ചോദിക്കണം.

ശ്രീ. പി. രവീന്ദ്രൻ: പൊതു ആവശ്യത്തിനുവേണ്ടിയും മറ്റാവശ്യങ്ങൾക്കുവേണ്ടിയും ആവശ്യമുള്ള ഭൂമി എത്രയാണെന്നും, പതിച്ചുകൊടുക്കാനുള്ള ഭൂമി എത്രയാണെന്നും ഉള്ളതിനെപ്പറ്റി ഗവണ്മെന്റിൽനിന്നും വല്ല കണക്കും ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ: പൊതു ആവശ്യത്തിനുവേണ്ടിയും മറ്റാവശ്യങ്ങൾക്കുവേണ്ടിയും ആവശ്യമുള്ള ഭൂമികൾ എത്രയാണെന്നുള്ളതിനെപ്പറ്റി ഗവണ്മെന്റിൽനിന്നും കണക്കു് ശേഖരിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. അതിന്റെ പൂർണ്ണമായ കണക്കു് ഗവണ്മെന്റിന്റെ കൈവശം ലഭിച്ചിട്ടില്ല.

ശ്രീ. എൻ. ഇ. ബലറാം: ഞാൻ മുമ്പു ചോദിച്ച ചോദ്യത്തിനുത്തരമായി പ്രത്യേകം ചോദ്യം ചോദിക്കണമെന്നു പറഞ്ഞു. എന്നാൽ അതിനെപ്പറ്റി ഗവണ്മെന്റിലേക്കു് എത്ര പെറ്റിഷൻ കിട്ടിയിട്ടുണ്ടെന്നു് പറയാമോ ?

ശ്രീ. ആർ. ശങ്കർ: പ്രത്യേകം ചോദ്യം ചോദിക്കണം.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: കൊയിലാണ്ടി താലൂക്കിലെ കുത്താളി എസ്റ്റേറ്റിലുള്ള വള്ളിപ്പാറ എന്ന സ്ഥലത്തുള്ള കൃഷിഭൂമി കൈവശക്കാർക്കു് പതിച്ചുകൊടുക്കാമെന്നു് 1960-ൽ ഗവണ്മെന്റിൽനിന്നു് ഉത്തരവു കൊടുത്തുവെങ്കിലും ഇതുവരെയും ആ ഭൂമി ആർക്കും പതിച്ചുകൊടുത്തിട്ടില്ല. അതിനുള്ള കാരണം അതിലേക്കാവശ്യമായ സ്റ്റാഫിനെ നിയമിക്കാത്തതുകൊണ്ടാണെന്നറിയുന്നു. അങ്ങനെയാണെങ്കിൽ അവിടെ ആവശ്യമായ സ്റ്റാഫിനെ ഏർപ്പെടുത്തി കഴിയുന്നതും വേഗം ആ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: ഈ പറഞ്ഞ വസ്തുതകളും ശരിയാണെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാവുന്നതാണു്.

ശ്രീ. കെ. കൃഷ്ണപിള്ള: ഭൂമിക്കു് പട്ടയം കൊടുക്കുന്നതു് കരം ചുമത്തിയതിനുശേഷമാണു് ഇപ്പോഴും ബേസിക്ടാക്സ് പ്രാബല്യത്തിലില്ലാതെ വന്നതോടുകൂടി ലാൻഡ് അസയിൻമെന്റു് നടത്താൻ സാദ്ധ്യമല്ലാതായിത്തീർന്നിരിക്കുന്നു എന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ അതു് ത്വരിതപ്പെടുത്തുന്നതിനു് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ ശങ്കർ: ഈ പറഞ്ഞ വൈഷമ്യമുള്ളതുകൊണ്ടു് ആ വൈഷമ്യം തീർക്കാൻ വേണ്ട നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി: കഴിഞ്ഞ ആറുമാസക്കാലമായി ഗവണ്മെന്റിനു് ഇഷ്ടം തോന്നുന്ന ആളുകളെ ഒഴിച്ചു് ബാക്കി ഒരൊറ്റ ആൾക്കും പോലും ഭൂമി പതിച്ചുകൊടുത്തിട്ടില്ലെന്നും, അതുപോലെ ഇപ്പോഴും ഭൂമി പതിച്ചുകൊടുക്കൽ നിറുത്തിവച്ചിരിക്കുകയുമാണെന്നുള്ള കാര്യം ഗവണ്മെന്റിനറിയാമോ ?

ശ്രീ. ആർ. ശങ്കർ: ഗവണ്മെന്റിനു് ഈ രാജ്യത്തുള്ള ജനങ്ങളോടു് വിശേഷിച്ചു് പാവപ്പെട്ടവരോടു് ഇഷ്ടമുള്ളതുകൊണ്ടു് യാതൊരു ദോഷവും ഈ സംഗതിയിൽ ഉണ്ടാകുകയില്ലെന്നു വിചാരിയ്ക്കാം.

ശ്രീമതി കെ. ആർ. ഗൗരി : സാധാരണനിലയിൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നു് കമ്മിറ്റിക്കും മുഖേന ഭൂമി പതിച്ചുകൊടുക്കുന്ന സമ്പ്രദായം നിറുത്തിവയ്ക്കുവാൻ വല്ല ആർഡറും പുറപ്പെടുവിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അതു് പ്രത്യേക ചോദ്യമായി ചോദിച്ചാലേ പറയുവാൻ കഴിയൂ.

ശ്രീ. സി. അച്യുതമേനോൻ : പൊതു ആവശ്യത്തിനുവേണ്ടിയുള്ള ഭൂമി ഗവണ്മെന്റു് തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ലെന്നു പറഞ്ഞു. പഞ്ചായത്തു പുറമ്പോക്കുഭൂമികളും പഞ്ചായത്തിൽ വെസ്റ്റു ചെയ്യേണ്ടതാണെന്നു പഞ്ചായത്തു ആക്റ്റിൽതന്നെ പറഞ്ഞിട്ടുണ്ടെന്നാണു് എന്റെ ഓർമ്മ. പക്ഷേ ഇതുവരെ പഞ്ചായത്തിനു് അങ്ങനെയുള്ള ഭൂമികളും വെസ്റ്റുചെയ്തുകിട്ടിക്കഴിഞ്ഞിട്ടില്ല. പഞ്ചായത്തിനുള്ള പുറമ്പോക്കുഭൂമികളും പഞ്ചായത്തിൽതന്നെ വെസ്റ്റു ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ: അതിനുള്ള നടപടികളും എടുക്കുന്നതാണു്. അതിനു പുറമേ ഗവണ്മെന്റാവശ്യത്തിനും, പബ്ലിക്കാവശ്യത്തിനും, സ്കൂളുകളും തുടങ്ങിയ മറ്റാവശ്യങ്ങൾക്കും എത്ര ഭൂമി വേണ്ടിവരുമെന്നുള്ളതു നോക്കിയേ ഉറപ്പിച്ചിട്ടുള്ളൂ.

ശ്രീ. എം. എം. മത്തായി : 1958-59 കാലങ്ങളിൽ ഫഡ്പ്രൊഡക്ഷനുവേണ്ടി കൊടുത്തിട്ടുള്ള ഭൂമികളും റവന്യൂ കൈമാറ്റങ്ങളിലുണ്ടു്. ആ ഭൂമി ഇതുവരെ പതിച്ചുകൊടുത്തിട്ടില്ല. അതിന്റെ കാരണം എന്താണു്? ആ ഭൂമിക്കു് എത്രയും വേഗം പട്ടയം കൊടുക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ: ഫുഡ് പ്രൊഡക്ഷനു കൊടുത്തിരിക്കുന്ന സ്ഥലങ്ങളിൽ ചിലതു് ഫാറസ്റ്റു ആവശ്യത്തിനുമാറേണ്ടിവരും. അതു പരിശോധിക്കേണ്ടതുണ്ടു്. ഫാറസ്റ്റിനു കൊടുക്കേണ്ട ഭൂമി കഴിച്ചുള്ള ബാക്കിഭൂമി പതിച്ചുകൊടുക്കുന്നതിനു് വേണ്ട നടപടികളും എടുക്കുന്നതാണു്.

ശ്രീമതി കുസുമം : നെടുമല, ഇല്ലിച്ചാരി മുതലായ സ്ഥലങ്ങളിൽ റബ്ബർ പ്ലാന്റേഷനുവേണ്ടി തടികളും വെട്ടിമാറ്റി എന്നുള്ളതു് ശരിയാണു്. പക്ഷേ റബ്ബർ പ്ലാന്റേഷൻ ഡയറക്റ്ററും ടെക്നിക്കൽസ്റ്റാഫും ആ സ്ഥലംപോയി സന്ദർശിച്ച അവസരത്തിൽ പറഞ്ഞതു് അവിടം ഒന്നിനും കൊള്ളുകയില്ല

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കുസുമം]

നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ആ സ്ഥലം മാറ്റിയിരിക്കുന്നത്. അങ്ങനെയുള്ള സ്ഥലങ്ങളും ഈ വനങ്ങളിൽനിന്ന് ഒഴിപ്പിക്കുന്നവർക്ക് കൊടുക്കാതെ സാധുക്കൾക്ക് കൊടുക്കാൻവേണ്ടി ഗവണ്മെന്റ് ഒന്നുകൂടി പുനരാലോചിക്കുമോ?

ശ്രീ. ആർ. ശങ്കർ : റബ്ബർപ്ലാന്റേഷനു് യോഗ്യതയില്ലാത്തഭൂമി ഒരു പക്ഷേ ഇവിടെ കണ്ടെന്നുവരാം. പക്ഷേ ആ ഭൂമി ഒന്നിനും കൊള്ളരുതാത്തതാണെങ്കിൽ പിന്നെ സാധുക്കൾക്ക് കൊടുക്കണമെന്നു പറയുന്നതു് എന്തിനാണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. ടി. കൃഷ്ണൻ : ഹരിജനങ്ങൾക്ക് കൊടുത്തിട്ടുള്ള ഭൂമിയുടെ കണക്ക് ഇവിടെ പറഞ്ഞു. ഹരിജനങ്ങൾക്ക് കൊടുത്തിട്ടുള്ള ഭൂമികളിൽ പ്രത്യേകിച്ച് ആലപ്പുഴ ഡിസ്ട്രിക്റ്റിൽ കൊടുത്തിട്ടുള്ള ഭൂമികളിൽ യാതൊരു ഫലവൃക്ഷം പോലുമില്ല. പത്തുപന്ത്രണ്ടുകൊല്ലം കഴിഞ്ഞേ അവിടെനിന്നു് എന്തെങ്കിലും ആദായം ഉണ്ടാകുകയുള്ളൂ. അങ്ങനെയുള്ള ഭൂമികളിൽനിന്നു് അമിതമായ നികുതി ഈടാക്കിവരുന്നകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയുള്ള അമിതമായ നികുതിയൊന്നും അവിടെനിന്നു ഈടാക്കുന്നില്ല.

ശുദ്ധജല വിതരണ പദ്ധതി

* 449. [5] ശ്രീ. എൻ. മോഹനൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964–65 സാമ്പത്തിക വർഷത്തിൽ പുതുതായി ഏതെങ്കിലും ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയിൽ ഏതെങ്കിലും മുനിസിപ്പൽ അതിർത്തിയിലും നടപ്പിലാക്കുന്നുണ്ടോ ?

(സി) ശുദ്ധജലത്തിനു വളരെ ഏറെ ക്ഷാമം അനുഭവിക്കുന്ന ചങ്ങനാശ്ശേരിയിൽ ശുദ്ധജല വിതരണത്തിനു് വേണ്ട നടപടി എത്രയുംവേഗം നടപ്പിൽ വരുത്തുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) അർബൻ വാട്ടർസപ്ലൈ സ്കീമിനെ സംബന്ധിച്ചിടത്തോളം 1964–65–ൽ പുതുതായി ഒരു പണിയും തുടങ്ങുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) 'എ' ക്കുള്ള ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) മൂന്നാം പഞ്ചവത്സര പദ്ധതിയിൽ ശുദ്ധജലവിതരണത്തിനു് വകകൊള്ളിച്ചിട്ടുള്ള തുക തുലോം അപര്യാപ്തമാകയാൽ ചങ്ങനാശ്ശേരി ശുദ്ധജലവിതരണപദ്ധതിയും ഉൾക്കൊള്ളിച്ച പണി ആരംഭിക്കുവാൻ നിവൃത്തിയില്ല. എങ്കിലും ഈ പദ്ധതിക്കുവേണ്ടിയുള്ള പ്രാരംഭാന്വേഷണം ആരംഭിച്ചു കഴിഞ്ഞിട്ടുള്ളതും അതിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമാകുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ : ചങ്ങനാശ്ശേരിയിൽ ശുദ്ധജലത്തിനു് വേണ്ടത്ര ക്ഷാമമുള്ളതുകൊണ്ടു് എന്തെങ്കിലും കാൺടിബ്യൂഷൻ തരുകയാണെങ്കിൽ ബാക്കിപണികൂടി പൂർത്തിയാക്കി അവിടെ ശുദ്ധജലവിതരണം നടത്തുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അതിനുവേണ്ടിയുള്ള പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണു്. ഏതാണ്ടു് 32 ലക്ഷത്തോളം രൂപ ചെലവു വരുന്ന ഒരു സ്കീം ഇതിനുവേണ്ടി തയ്യാറാക്കിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly